(ബി) പഞ്ചായത്തു കമ്മിറ്റിക്ക് യുക്തമെന്നു തോന്നുന്ന അധിക വാടക നിശ്ചയിക്കാവുന്നതാണ്. വർദ്ധന യുക്തിസഹജമായിരിക്കേണ്ടതാണ്.

(സി) നിശ്ചിത പരിധിയിൽ കൂടുതൽ വാടക കൂട്ടി നിശ്ചയിക്കുന്നതിനെതിരെ അന്തിമ തീരുമാനം കൈക്കൊള്ളുവാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

**മീഴൂർ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെ എണ്ണം**

**48 (1342)** ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ മീഴൂർ പഞ്ചായത്തിൽ 1997 ഫെബ്രുവരിയിൽ അന്തരിച്ച എത്രപേരുടെ മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇവരുടെ പേരു വിവരം വെളിപ്പെടുത്തുമോ ;

(സി) ഇവരിൽ ആരുടെയെല്ലാം മരണ സർട്ടിഫിക്കറ്റുകൾ മീഴൂർ പഞ്ചായത്തു ആഫീസിൽ നിന്നും മരിച്ചവരുടെ ബന്ധുകൾക്കു നൽകിയിട്ടുണ്ട് ;

(ഡി) സർട്ടിഫിക്കറ്റ് നൽകപ്പെട്ടവരുടെ പേരും സർട്ടിഫിക്കറ്റുകളുടെ നമ്പരും തീയതിയും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആറുപേരുടെ മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) (1) കാർത്ത്യായനിയമ്മ, ലക്ഷ്മി വിലാസം, കാഞ്ഞിരമറ്റം.

(2) വി. കെ. നാരായണൻ, വേങ്കാലായിൽ, മീഴൂർ.

(3) പീതാംബരൻ, കൈതക്കാട്ടിൽ, മീഴൂർ.

(4) ജോൺ, കുരിശും മൂട്ടിൽ, കാടാംപാക്.

(5) കുട്ടപ്പൻ, മണപ്പുള്ളിൽ, വാക്കാട്.

(6) അസമുമ, ഇടശ്ശേരി, തടത്തിൽ മരങ്ങോലി.

(സി&ഡി) 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 17 പ്രകാരം ഉള്ള സർട്ടിഫിക്കറ്റിന് ആരുംതന്നെ അപേക്ഷിച്ചിട്ടില്ലാത്തതിനാൽ (റൂൾ 17 പ്രകാരം) സർട്ടിഫിക്കറ്റ് നൽകിട്ടില്ല.

**ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനു നടപടി**

**49 (1343)** ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിൽ വിവിധ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകൾ ;

LIBRARY ARCHIVES Kerala Legislative Assembly